DESPATCHED
On 11/7/22



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 2131(6)/2016** *എസ്.ഐ.സി.*

(ഫയൽ നം.14554/*എസ്.ഐ.സി-ജി 5/2016*)

(ഉത്തരവുകൾ sic.kerala.gov.in – ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 8

ശ്രീ. ഹരിഹരൻ,
പള്ളത്ത് വീട്,
ജില്ലാ കോടതി വാർഡ്,
ആലപ്പുഴ –1
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
ജൂനിയർ സൂപ്രണ്ട് (എൻ സെക്ഷൻ),
താലൂക്ക് ഓഫീസ്,
അമ്പലപ്പുഴ.

2. അപ്പീൽ അധികാരി &
തഹസീൽദാർ,
താലൂക്ക് ഓഫീസ്,
അമ്പലപ്പുഴ.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. എസ്. ഹരിഹരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ നൽകിയ മറുപടികൾ നിയമാനുസരണമായിരുന്നില്ലെന്നും ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം നൽകിയില്ലെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 13.07.2016 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 26.07.2016 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ 26.08.2016 ൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ആയതിന് 07.09.2016 ൽ മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

3. രണ്ടാം എതിർകക്ഷി 30.12.2016 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, വില്ലേജ് ഓഫീസിലെ റിക്കാർഡുകൾ സംബന്ധിച്ച രേഖകൾ ഒന്നും ടി ഓഫീസിൽ ഇല്ലാത്തതിനാലാണ് 2-ാമത്തെ ചോദ്യത്തിന് ലഭ്യമല്ല എന്ന മറുപടി നൽകിയതെന്നും 30.12.2016 ൽ തന്നെ അപേക്ഷാ പകർപ്പ് വില്ലേജ് ഓഫീസർക്ക് അയച്ച് കൊടുത്ത് 2-ാം നമ്പർ ചോദ്യത്തിന് അപേക്ഷകന് ഓഫീസ് മുഖേന മറുപടി നൽകുവാൻ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുമെന്നും, അതിർത്തി നിർണ്ണയത്തിന് ടിയാൾ N5.11740/16 നമ്പർ പ്രകാരം നൽകിയ അപേക്ഷ ബന്ധപ്പെട്ട N3 സീറ്റിലേയ്ക്ക് കൈമാറിയിട്ടുള്ളതും എന്നാൽ ടിയാളുടെ മുൻ അപേക്ഷ പ്രകാരം PLP.1277/16 ലോക് അദാലത്തിൽ 27.05.2016 ൽ സമർപ്പിച്ച റിപ്പോർട്ടിൽ തർക്ക വസ്തു അളന്ന് നൽകാൻ വ്യവസ്ഥ ഇല്ലെന്നും ആയത് സിവിൽ കോടതി മുഖേന തീർപ്പാക്കേണ്ടതാണെന്നും ലീഗൽ സർവ്വീസ് അതോറിറ്റി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ളതാണെന്നും ആയതിനാൽ അപേക്ഷകന്റെ ടി അപേക്ഷയിന്മേൽ തുടർ നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ലായെന്ന് 28.10.2016 ൽ അപേക്ഷനെ അറിയിച്ചിട്ടുള്ളതുമാണെന്നാണ്. 15.04.2016 ന് N5.14564/16 നമ്പർ പ്രകാരം എതിർകക്ഷി ഓഫീസിൽ നിന്നും വ്യാജ റിപ്പോർട്ടുകളൊന്നും നൽകിയിട്ടില്ലെന്നും കമ്മീഷൻ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ റിപ്പോർട്ട് നൽകിയിട്ടുള്ളതാണെന്നും ടി റിപ്പോർട്ട് നൽകിയ തഹസീൽദാരുടെ പേര് അപേക്ഷകന് നൽകിയിട്ടുള്ളതാണെന്നും മേൽവിലാസം ലഭ്യമല്ലെന്ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതുമാണെന്നും 30.03.2016 ലെ N5.6013/16 നമ്പർ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ഓഫീസിലേയ്ക്ക് നൽകുന്നതിനായി ടി തപാൽ 31.03.2016 ൽ മുല്ലയ്ക്കൽ വില്ലേജ് ഓഫീസർക്ക് നൽകിയിട്ടുള്ളതാണെന്നും ടി റിപ്പോർട്ട് നൽകിയതായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ

നിന്ന് മറുപടി ടി ഓഫീസിൽ ലഭിച്ചിട്ടില്ലെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്ന വിവരം ടി ഓഫീസിലേയ്ക്കും അപ്പീൽ കക്ഷിയ്ക്കും നൽകുവാൻ വേണ്ട നിർദ്ദേശം നൽകുന്നതാണെന്നും റിപ്പോർട്ടിൽ പറയുന്നു.

4. ഒന്നാം അപ്പീൽ തീർപ്പും, അപ്പീൽ അധികാരിയുടെ റിപ്പോർട്ടും പരിശോധിച്ചതിൽ എസ്.പി.ഐ.ഒ യുടെ ഭാഗത്ത് നിന്നും മന:പൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായതായി കാണുന്നു. ആയതിനാൽ വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യുമ്പോൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് ടിയാനെ ശക്തമായി താക്കീത് ചെയ്യുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 2, 5 ചോദ്യങ്ങൾക്ക് നൽകിയ മറുപടി ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകത്ത് ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ 2, 5 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജിയിന്മേൽ കമ്മീഷൻ ഇന്നേ ദിവസം 2022 ജൂലൈ മാസം 8-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

vkm